**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1975** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഷിറിയ റിവർ പുലിമുട്ട് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഷിറിയ റിവർ പുലിമുട്ട് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഷിറിയ റിവർ പുലിമുട്ട് നിർമ്മാണ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09/02/2022 ന് KCZMA- യ്ക്ക് സമർപ്പിച്ചു. 26/02/2022 ന് നടന്ന CRZ ക്ലിയറൻസ് കമ്മിറ്റിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദേശിച്ചു. തുടർന്ന് ഐ.ഐ.ടി മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും 2023 ഫെബ്രുവരി മാസത്തിൽ ഐ.ഐ.ടി മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16/03/2023 തീയതിയിൽ KCZMA-ക്ക് സമർപ്പിച്ചു. 30/06/2023ന് കൂടിയ KCZMA-യുടെ 129-മത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15/09/2023-ന് കൂടിയ KCZMA-യുടെ 131-മത് യോഗത്തിൽ അപേക്ഷ വീണ്ടും പരിഗണിക്കുകയും, സർക്കാർ സംസ്ഥാനത്തെ തീര പ്രദേശം മുഴുവനായും ഉൾപ്പെടുത്തി തയ്യാറാക്കുന്ന Comprehensive Shoreline Management Plan -ന്റെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമെ ഷിറിയ റിവർ പുലിമുട്ട് നിർമാണ പ്രവർത്തിയുടെ CRZ Clearance പരിഗണിക്കാൻ കഴിയുകയുള്ളൂവെന്ന് തീരുമാനിച്ചതായി KCZMA അറിയിക്കുകയും ചെയ്തു. ഇതിനിടെ, CRZ Clearance ലഭിക്കുന്നതിനുള്ള കാലതാമസം കാരണം 23/12/2023 ന് കൂടിയ റീബിൽഡ് കേരള ഇനീഷിയേറ്റീവ് - Implementation Committee യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 16/03/2024 തീയതിയിലെ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് (സാധാ) നം.105/2024/പി&ഇഎ പ്രകാരം പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സി. ആർ. ഇസഡ്. അനുമതി ലഭിക്കുന്നതിനുള്ള നടപടി ഏത് വരെയായി എന്ന് വിശദമാക്കുമോ; | (ബി) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഷിറിയ റിവർ പുലിമുട്ട് നിർമ്മാണ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09/02/2022 ന് KCZMA- യ്ക്ക് സമർപ്പിച്ചു. 26/02/2022 ന് നടന്ന CRZ ക്ലിയറൻസ് കമ്മിറ്റിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദേശിച്ചു. തുടർന്ന് ഐ.ഐ.ടി മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും 2023 ഫെബ്രുവരി മാസത്തിൽ ഐ.ഐ.ടി മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16/03/2023 തീയതിയിൽ KCZMA-ക്ക് സമർപ്പിച്ചു. 30/06/2023ന് കൂടിയ KCZMA-യുടെ 129-മത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15/09/2023-ന് കൂടിയ KCZMA-യുടെ 131-മത് യോഗത്തിൽ അപേക്ഷ വീണ്ടും പരിഗണിക്കുകയും, സർക്കാർ സംസ്ഥാനത്തെ തീര പ്രദേശം മുഴുവനായും ഉൾപ്പെടുത്തി തയ്യാറാക്കുന്ന Comprehensive Shoreline Management Plan -ന്റെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമെ ഷിറിയ റിവർ പുലിമുട്ട് നിർമാണ പ്രവർത്തിയുടെ CRZ Clearance പരിഗണിക്കാൻ കഴിയുകയുള്ളൂവെന്ന് തീരുമാനിച്ചതായി KCZMA അറിയിക്കുകയും ചെയ്തു. ഇതിനിടെ, CRZ Clearance ലഭിക്കുന്നതിനുള്ള കാലതാമസം കാരണം 23/12/2023 ന് കൂടിയ റീബിൽഡ് കേരള ഇനീഷിയേറ്റീവ് - Implementation Committee യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 16/03/2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.105/2024/പി&ഇഎ പ്രകാരം പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തു. |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | CRZ Clearance അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ